# കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർതോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നംബർ : 9079/11/12/2023/TVM

പരാതികക്ഷി

സുമം ആർ
അശ്വതി പള്ളിനിള, ചൊവ്വള്ളർ
പുളിയറക്കോണം, തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 05.05.2025**

31.05.2023 ൽ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിന്നും സീനിയർ ക്ലർക്കായി വിരമിച്ച പരാതികക്ഷിയുടെ പെൻഷനോ, പെൻഷൻ ആനുകൂല്യങ്ങളോ ലഭിച്ചിട്ടില്ല എന്നാണ് പരാതി.

2. കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 13.02.2024 തീയതിയിലെ റിപ്പോർട്ട് ഫയൽ ചെയ്തു. പരാതിക്കാരി സെറിഫെഡിൽ നിന്നും 02.08.2010 ൽ പഞ്ചായത്തിൽ ക്ലർക്കായി നിയമിതയായെന്നും ടിയാളുടെ ശമ്പളം നിജപ്പെടുത്തുന്നതിന് ആഡിറ്റ് വകുപ്പിന് 12.05.2022 ൽ കത്ത് നൽകിയെന്നും ടിയാളുടെ probation declare ചെയ്തത് സംബന്ധിച്ച വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് പറഞ്ഞ് ബന്ധപ്പെട്ട രേഖകൾ തിരിച്ചയച്ചെന്നും ടിയാളുടെ probation declare ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ Panchayath Deputy Director ( JD) ഓഫീസിലേക്ക് 20.08.2022, 13.04.2023 എന്നീ തീയതികളിൽ കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലായെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്.

3. ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസയച്ചെങ്കിലും പരാതിക്കാരി ഹാജരായിട്ടില്ല. വിലാസക്കാരിയെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് രേഖപ്പെടുത്തി ഹർജികക്ഷിക്കയച്ച നോട്ടീസ് തിരികെ വന്നു.

4. കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിന്നും SC 1/1676/2022 എന്ന നമ്പർ പ്രകാരം അയച്ച കത്തുകളിൽ Joint Director നാളിതുവരെ തീരുമാനം എടുത്തിട്ടില്ലെങ്കിൽ ഒരു മാസത്തിനുള്ളിൽ തീരുമാനം എടുത്ത് വിവരം രേഖാമൂലം കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും ഹർജിക്കാരിയെയും അറിയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

5. ഹർജിക്കാരിക്കും കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കും പഞ്ചായത്ത് സെക്രട്ടറിയുടെ 13.02.2024 ലെ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ജില്ലാ ജോയിന്റ് ഡയറക്ടർ LSGD തിരുവനന്തപുരത്തിനും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർതോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ